(ബി) ലഭ്യമല്ലെങ്കിൽ ഇത്തരത്തിൽ ഒരു കണക്ക് തയ്യാറാക്കുന്നതിനും പ്രവാസി വനിതകളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 -ന്റെ കണക്കുപ്രകാരം വിവിധ വിദേശ രാജ്യങ്ങളിൽ 99326 കേരളീയ വനിതകൾ തൊഴിൽ ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് അതാത് രാജ്യത്തെ എംബസികൾ നടപടി കൈക്കൊള്ളാറുണ്ട്. കൂടാതെ നോർക്ക വകുപ്പ് തൊഴിൽ സുരക്ഷിതത്വം സംബന്ധിച്ച് ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

പ്രവാസി മലയാളികൾ

113 (3081) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ എത്ര മലയാളികളാണ് ഗൾഫ്/മറ്റ് വിദേശ രാജ്യങ്ങളിൽ ജോലികളിലേർപ്പെട്ടിട്ടുള്ളത് ; ഗൾഫ്/മറ്റ് വിദേശരാജ്യങ്ങൾ തരം തിരിച്ച് വ്യക്തമാക്കുമോ ; ഇതിൽ ഏറ്റവും കൂടുതൽ മലയാളികൾ ഉള്ള ഗൾഫ് രാജ്യമേതെന്നും വിദേശരാജ്യമേതെന്നും വ്യക്തമാക്കുമോ ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പ്രവാസി മലയാളികൾ കേരളത്തിലേയ്ക്ക് അയച്ചത് എത്ര കോടി രൂപയാണ്എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ഗൾഫ് രാജ്യങ്ങളിലാണ് "നിതാഖത്" നിയമം നടപ്പിൽ വരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) 'നിതാഖത്' നിയമം നടപ്പിലാക്കിയതുമൂലം തിരിച്ചെത്തിയവരെ സഹായിക്കാനായി എന്തെല്ലാം കേന്ദ്ര/സംസ്ഥാന സഹായം ലഭ്യമാക്കി ; നാളിതുവരെ എന്തു തുക വകയിരുത്തി; ആയതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു ; ഇതിലൂടെ എത്ര പേർക്ക് പ്രയോജനം ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലവിൽ എത്ര പ്രവാസി മലയാളികൾ ഗൾഫ്മറ്റ് വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്നു ; ഇവരെ നാട്ടിലെത്തിക്കാൻ എന്തു നടപടി സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് (2013) പ്രകാരം വിവിധ വിദേശ രാജ്യങ്ങളിൽ 1426853 പേർ തൊഴിൽ ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ കേരളീയർ ജോലി ചെയ്യുന്ന ഗൾഫ് രാജ്യം യു.എ.ഇ.-യും (507087), ജി.സി.സി. ഒഴികെയുള്ള വിദേശരാജ്യങ്ങളിൽ യു.എസ്.എ. (53642) ആണ് ഏറ്റവും കൂടുതൽ കേരളീയർ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളത്. ഗൾഫ് രാജ്യങ്ങളിൽ മാത്രം 12,85,457 പേർ തൊഴിൽ ചെയ്യുന്നതായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) വിദേശ മലയാളികൾ കേരളത്തിലേക്ക് അയയ്ക്കുന്ന തുകയുടെ കണക്ക് ലഭ്യമല്ല. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ ബാങ്കുകളിൽ വിദേശമലയാളികളിൽ നിന്നുള്ള ഡെപ്പോസിറ്റായി ലഭിച്ചത് സംബന്ധിച്ച് റിപ്പോർട്ട് ചെയ്ത വിവരങ്ങൾ താഴെ കൊടുക്കുന്നു :

പ്രവാസി നിക്ഷേപം

വർഷം	തുക (ലക്ഷം രൂപയിൽ)
മാർച്ച് 2013	66,19,031
മാർച്ച് 2014	93,88,352

(സി) നിതാഖത്ത് നിയമം സൗദി അറേബ്യയിലാണ് നടപ്പാക്കിയിട്ടുള്ളത്.

(ഡി) വിദേശ രാജ്യങ്ങളിൽനിന്നും തിരികെയെത്തിയ പ്രവാസികളെയും ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം, നിതാഖത്ത് നിയമം എന്നിവയെ തുടർന്ന് വിദേശ രാജ്യങ്ങളിൽനിന്നും തിരികെയെത്തിയ പ്രവാസി മലയാളികളെയും പുനരധിവസിപ്പിക്കുന്നതിനായി ഇവർക്ക് സ്വയം തൊഴിലിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടുകൂടി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാർ ഇതുവരെയായി 9.97 കോടി രൂപ 2012-13 മുതൽ 2014-15 വരെ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിരുന്നു. കേന്ദ്ര സഹായം ഈ പദ്ധതിക്കായി ഇതുവരെ ലഭിച്ചിട്ടില്ല. ഇപ്രകാരം നിതാഖത്ത് മുഖാന്തരം തിരികെയെത്തിയതായി നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്ത 22634 പേരിൽ വിവരങ്ങൾ ലഭ്യമാക്കി യവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള അപേക്ഷകളിന്മേലുള്ള സ്ക്രീനിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവർക്ക് ബാങ്കുമായി ബന്ധപ്പെട്ട് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(ഇ) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന കേരളീയരുടെ കണക്കുകൾ ലഭ്യമല്ല. ജയിലുകളിൽ കഴിയുന്ന സംസ്ഥാനത്തെ പ്രവാസികളെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽനിന്നും ലഭിക്കുന്ന മറ്റു അതാത് എംബസ്സികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ഇതിനുപുറമേ, തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായിവരുന്ന വാഹന ചെലവും വഹിക്കുന്നതിലേക്കായി പ്രവാസി നിയമസഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

നോർക്ക-റൂട്ട്സ് വഴി നൽകിവരുന്ന സേവനങ്ങൾ

114 (3082) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾക്ക് നോർക്ക-റൂട്ട്സ് വഴി നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly